**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1045** **31-01-2024 - ൽ മറുപടിയ്ക്ക്**

**ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ സാമ്പത്തിക അനുമതിയ്ക്കായി സമർപ്പിച്ച കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ ഡി.പി.ആർ.-ന്റെ അപ്രൈസൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | ഡി.പി.ആറിന്റെ അപ്രൈസൽ റിപ്പോർട്ട് തയ്യാറാക്കുന്നത് കിഫ്ബിയുടെ അപ്രൈസൽ വിംഗ് ആയ സി.എം.ഡി. ആണ്. പ്രസ്തുത പദ്ധതിയുടെ DPR, KIIFB ക്ക് പോർട്ടൽ വഴി 12.04.2018 ൽ സമർപ്പിച്ചിരുന്നു. തുടർന്ന് KIIDC, ജലസേചന വകുപ്പ് കിഫ്ബിയുടെ അപ്രൈസൽ വിംഗ് ആയ സി.എം.ഡി യുടെ ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത സ്ഥലത്ത് 23/03/2022 -ൽ സംയുക്ത പരിശോധന നടത്തി അതിൻ പ്രകാരം പുതുക്കിയ DSR നിരക്കിലും രൂപകൽപ്പനയും പ്രകാരമുള്ള പുതിയ DPR ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്. |
| (ബി) | നിർദ്ദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; 2018-ൽ അംഗീകരിച്ച പ്രസ്തുത പദ്ധതി ഇതുവരെയും തുടങ്ങാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ; | (ബി) | നിർദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റെഗുലേറ്റർ നിർമ്മാണ പദ്ധതി പ്രദേശത്തിന്റെ നിലവിലെ സ്ഥിതി അനുസരിച്ച് അവിടെ പാലത്തിന് പകരം ഫൂട്ട് ബ്രിഡ്ജ് നൽകാൻ മാത്രമേ സാധിക്കുകയുള്ളൂ. അതനുസരിച്ചിട്ടുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂഗർഭ ജലത്തിന്റെ ലഭ്യതയും കൃഷിയിടങ്ങളുടെ പുരോഗതിയും ലക്ഷ്യമാക്കിയാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നിർദിഷ്ട പദ്ധതി പ്രദേശത്ത് ഭൂഗർഭ ജലത്തിന്റെ ലഭ്യതയിലുള്ള വർദ്ധനയും പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യതയും റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഉറപ്പുവരുത്താനും സാധിക്കും. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ജലസേചന വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | സ ഉ (സാധാ) നമ്പർ.859/2017/ജവിവ തീയതി 17.10.2017 പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ, KIIDC കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടൽ വഴി 12.04.2018-ൽ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചു. തുടർന്ന് KIIDC, ജലസേചന വകുപ്പ് , കിഫ്ബിയുടെ അപ്രൈസൽ വിങ് ആയ സി.എം.ഡി.യുടെ ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത പദ്ധതി സ്ഥലത്ത് 23.03.2022-ൽ സംയുക്ത പരിശോധന നടത്തി. അതിൻപ്രകാരം പുതുക്കിയ ഡി.എസ്.ആർ. നിരക്കിലും, രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ 17.02.2023-ൽ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ